**ചരമോപചാരം**

പി. പി. അബ്ദുള്ളക്കുട്ടി, എം. കുഞ്ഞിരാമൻ നമ്പ്യാർ, പി.കെ. ചന്ദ്രാനന്ദൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ : കേരള നിയമസഭാംഗങ്ങളായിരുന്ന ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി, എം. കുഞ്ഞിരാമൻ നമ്പ്യാർ, പി.കെ. ചന്ദ്രാനന്ദൻ എന്നിവർ അടുത്ത കാലത്ത് നിര്യാതരായി.

പി.പി. അബ്ദുള്ളക്കുട്ടി

മുൻ നിയമസഭാംഗമായ പി.പി. അബ്ദുള്ളക്കുട്ടി 2014 ജൂൺ 13-ന് അന്തരിച്ചു. മലപ്പുറം ജില്ലയിലെ തിരൂരിൽ പി.പി. കുഞ്ഞിബാവ ഹാജിയുടേയും പാത്തീബി ഹജ്ജുമ്മയുടെയും മകനായി 1943 ജൂൺ 15-ന് പി.പി. അബ്ദുള്ളക്കുട്ടി ജനിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ പൊതുപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം 1970-ലെ കുടികിടപ്പ് സമരത്തിലൂടെ രാഷ്ട്രീയത്തിൽ സജീവമായി.

2006-ൽ തിരൂർ നിയോജകമണ്ഡലത്തിൽ നിന്നും പന്ത്രണ്ടാം കേരള നിയമസഭയിലേക്ക് സി.പി.ഐ. (എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട പി.പി. അബ്ദുള്ളക്കുട്ടി ജനങ്ങളുടെ പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ

കൊണ്ടുവരുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച കമ്മിറ്റി, ഹൗസ് കമ്മിറ്റി എന്നീ സഭാസമിതികളിൽ അദ്ദേഹം അംഗമായിരുന്നു. സി.പി.ഐ. (എം) മലപ്പുറം ജില്ലാ സെക്രട്ടേറിയറ്റ് അംഗം, വെട്ടം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, കർഷക സംഘം സംസ്ഥാന വൈസ് പ്രസിഡന്റ്, തിരൂർ അർബൻ ബാങ്ക് പ്രസിഡന്റ്, പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രി ഡയറക്ടർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. പി.പി. അബ്ദുള്ളക്കുട്ടിയുടെ നിര്യാണത്തോടെ മികച്ച ഒരു പൊതുപ്രവർത്തകനെയും സഹകാരിയേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>എം. കുഞ്ഞിരാമൻ നമ്പ്യാർ</u>

മുൻ കേരളനിയമസഭാംഗം എം. കുഞ്ഞിരാമൻ നമ്പ്യാർ 2014 ജൂൺ 14-ന് അന്തരിച്ചു. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കോടോത്ത് കുഞ്ഞമ്പു നായരുടേയും മാവില മാണിക്കം അമ്മയുടേയും മകനായി 1924 മാർച്ച് 12-ന് എം കുഞ്ഞിരാമൻ നമ്പ്യാർ ജനിച്ചു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലൂടെ സജീവ രാഷ്ട്രീയത്തിൽ എത്തിയ എം കുഞ്ഞിരാമൻ നമ്പ്യാർ 1982-ൽ ഉദുമ നിയോജകമണ്ഡലത്തിൽ നിന്നും ഏഴാം കേരള നിയമസഭയിലേക്ക് സ്വതന്ത്രഅംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

എ.ഐ.സി.സി. അംഗം., കെ.പിസി.സി. അംഗം, കർഷക കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം 1963 മുതൽ 1985 വരെ പനത്തടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അവിഭക്ത കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, പനത്തടി സഹകരണ ബാങ്ക്, കാസർഗോഡ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സൊസൈറ്റി, നെഹ്റു മെമ്മോറിയൽ എഡ്യൂക്കേഷൻ ട്രസ്റ്റ് എന്നിവയുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. എം. കുഞ്ഞിരാമൻ നമ്പ്യാരുടെ നിര്യാണത്തോടെ മികച്ച ഒരു സാമൂഹ്യ പ്രവർത്തകനെയും രാഷ്ട്രീയ നേതാവിനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

<u>പി. കെ. ചന്ദ്രാനന്ദൻ</u>

മുൻ നിയമസഭാംഗം പി.കെ. ചന്ദ്രാനന്ദൻ 2014 ജൂലൈ 2-ന് അന്തരിച്ചു. ആലപ്പുഴ ജില്ലയിൽ വാടയ്ക്കൽ പി. കെ. കുഞ്ഞന്റേയും പാർവ്വതിയുടെയും മകനായി 1925 ആഗസ്റ്റ് 26-ന് പി.കെ. ചന്ദ്രാനന്ദൻ ജനിച്ചു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ സജീവ രാഷ്ട്രീയത്തിൽ എത്തിയ അദ്ദേഹം പുന്നപ്ര-വയലാർ സമരത്തിന് നേതൃത്വം നൽകി. 1980-ൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും ആറാം കേരള നിയമസഭയിലേക്ക് സി.പി.ഐ.(എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം, സി.പി.ഐ.(എം)

ആലപ്പുഴ ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, ദേശാഭിമാനി തിരുവനന്തപുരം യൂണിറ്റ് മാനേജർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു. പി.കെ. ചന്ദ്രാനന്ദന്റെ നിര്യാണത്തോടെ ലാളിത്യമാർന്നതും സമരതീക്ഷ്ണവുമായ ജീവിതത്തിനുടമയായ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു)